**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 435** **11-08-2021 - ൽ മറുപടിയ്ക്ക്**

**അഴിമതിമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.വി.സുമേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി ഇന്ത്യയിലെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിച്ചിട്ടുണ്ടോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി അഴിമതി കുറഞ്ഞ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിച്ചിട്ടുണ്ട്. ട്രാൻസ്പരൻസി ഇന്റർനാഷണൽ എന്ന സംഘടന ഒക്ടോബർ 2018 മുതൽ നവംബർ 2019 വരെയുള്ള കാലയളവിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നടത്തിയ ഒരു സർവ്വേയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ അഴിമതി കുറവാണെന്നും മുൻവർഷങ്ങളെ അപേക്ഷിച്ച് അഴിമതിയുടെ കാര്യത്തിൽ 31% ത്തോളം കുറവുണ്ടായിട്ടുണ്ടെന്നും കണ്ടെത്തിയിരുന്നു. |
| (ബി) | സർക്കാർ സർവ്വീസിലെയും പൊതുരംഗത്തെയും അഴിമതി നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അഴിമതിമുക്ത കേരളം പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിനും അഴിമതി രഹിത കേരളം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. "അഴിമതി മുക്ത പൊതു സേവന രംഗം" എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പരാതിക്കാരന് തന്റെ വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ അഴിമതി സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനായി " ജനജാഗ്രതാ പോർട്ടൽ " എന്ന ഇലക്ട്രോണിക് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ സേവനങ്ങൾ സുതാര്യവും ജനങ്ങളുടെ | (സി) | സർക്കാർ സേവനങ്ങൾ സുതാര്യവും ജനങ്ങളുടെ |

| | | | |
|---|---|---|---|
| | അവകാശവുമാക്കി അഴിമതിക്കുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | അവകാശവുമാക്കി അഴിമതിക്കുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കാൻ ഇതിനകം തന്നെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (ഡി) | സംസ്ഥാനത്തെ അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും തദ്വാരാ അഴിമതി നിർമ്മാർജ്ജനം സാധ്യമാക്കുന്നതിനും ഉതകുന്ന വിവിധ പദ്ധതികൾ ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ആവശ്യാനുസരണം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും അന്വേഷണ ഉദ്യോഗസ്ഥർക്ക് സഹായകരമായ ആധുനിക ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും, കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ